# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2903 28.01.2014 -ലെ മറുപടിക്ക്.**

**ഹയർ സെക്കൻഡറി സ്കൂളുകളിലെ പഠനദിവസങ്ങൾ കുറയ്ക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. കെ.എൻ.എ. ഖാദർ | | ശ്രീ. പി. കെ. അബ്ദുറബ്ബ്. (ബഹു:വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) | എല്ലാ സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങളും ആഴ്ചയിൽ അഞ്ച് ദിവസം പ്രവർത്തിക്കുമ്പോൾ ഹയർ സെക്കന്ററി സ്കൂളുകൾ മാത്രം ആറ് ദിവസം പ്രവർത്തിക്കണമെന്ന നിബന്ധന നൽകിയത് സംബന്ധിച്ച് വിശദമാക്കുമോ; | (എ) | കോളേജുകളിൽ നിന്നും പ്രീഡിഗ്രി വേർപെടുത്തി ഹയർ സെക്കന്ററി സ്കൂളുകൾ ആരംഭിച്ചപ്പോൾ എൻ.സി.ഇ.ആർ.ടി പ്രകാരമുള്ള പാഠ്യക്രമമാണ് സ്വീകരിച്ചത്. കോളേജുകളിൽ ഉപഭാഷയടക്കം 5 വിഷയങ്ങളാണ് പഠിപ്പിച്ചിരുന്നത്. എന്നാൽ ഹയർ സെക്കന്ററിയിൽ ഉപഭാഷയടക്കം ആറ് വിഷയങ്ങളാണ് പഠിപ്പിക്കുന്നത്. ആയതിന് ആഴ്ചയിൽ നിശ്ചിത മണിക്കൂറുകൾ അദ്ധ്യയനം ആവശ്യമായിട്ടുണ്ട്. ആയതിനാലാണ് ഹയർ സെക്കന്ററി തുടങ്ങിയ നാൾ മുതൽ ശനിയാഴ്ചകളും പ്രവൃത്തി ദിനമാക്കിയത്. |
| (ബി) | ഈ വിഷയത്തിൽ അധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽ പ്പെട്ടിട്ടു ണ്ടോ; | (ബി) | ഈ വിഷയത്തിൽ ബുദ്ധിമുട്ടുകൾ ഉള്ളതായി സൂചിപ്പിച്ചുകൊണ്ട് ചില നിവേദനങ്ങൾ സർക്കാരിന് ലഭിച്ചിട്ടുണ്ട്. |
| (സി) | എ ങ്കിൽ പഠനദിവസങ്ങൾ ആഴ്ച യിൽ അഞ്ച് ദിവസമായി ഹയർ സെക്കന്ററി സ്കൂളുകളിലും നിജപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; | (സി) & (ഡി) | ഹയർസെക്കന്ററി മേഖലയിലെ വിവിധ പ്രശ്നങ്ങൾ പഠിക്കാൻ നിയോഗിച്ച പ്രൊഫ:ലബ്ബ കമ്മിറ്റിയും പഠന ദിവസങ്ങൾ 5 ആക്കുന്നതിന് ശുപാർശ നൽകിയിട്ടുണ്ട്. ഇക്കാര്യം സർക്കാർ പരിശോധിച്ചു വരുന്നു. |
| (ഡി) | ആയത് എന്നത്തേക്ക് നടപ്പാക്കാനാകുമെന്ന് വ്യക്തമാക്കാമോ? | | |

(signature)

സെക്ഷൻ ആഫീസർ